(ബി) ഈ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് 12-2-2000-ൽ സർക്കാരിന് സമർപ്പിച്ച നിവേദനത്തിനുമേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) റോഡ് പുനരുദ്ധാരണം ചെയ്യുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പ്രസ്തുത റോഡിൽ ഇപ്പോൾ ഗതാഗതത്തിന് തടസ്സമില്ല. ടി. റോഡ്, മറ്റു ജില്ലാതല റോഡ് വിഭാഗത്തിൽപ്പെട്ടതായതുകൊണ്ട് ബന്ധപ്പെട്ട പഞ്ചായത്തിനു കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിവേദനം ലഭിച്ചതിനെതുടർന്ന് അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾ ഏർപ്പാടാക്കിയിട്ടുണ്ട്.

സ്കൂൾ കെട്ടിടം പണിയാൻ നടപടി

36(416) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിലെ കരകുളം യു.പി.സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 18-2-1997-ൽ സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കെട്ടിടം പണിയുന്നതിനുവേണ്ടി ജില്ലാപഞ്ചായത്ത് മുഖേന ഫണ്ടനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എന്ത് തുകയെന്ന് വെളിപ്പെടുത്തുമോ ;

(സി) തുക അനുവദിച്ചിട്ടില്ലെങ്കിൽപ്രസ്തുത കെട്ടിടനിർമ്മാണത്തിന് വേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടി നിവേദനത്തിൽ സർക്കാർ തിരുവനന്തപുരം ജില്ലാ പഞ്ചായത്തിന്റെ അഭിപ്രായം ആരായുകയും 2000/2001-ൽ ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിക്കനുസൃതമായി ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണെന്ന് പഞ്ചായത്ത് അറിയിക്കുകയും ചെയ്തു.

(ബി) ഇതുവരെയും ടി സ്കൂൾ കെട്ടിടനിർമ്മാണത്തിനുവേണ്ടി ജില്ലാ പഞ്ചായത്തിൽനിന്നും ഫണ്ടൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ തൊഴിലുറപ്പ് പദ്ധതി (ഇ.എ.എസ്.) പ്രകാരം 2000-2001 വർഷത്തെ ജില്ലാ പഞ്ചായത്ത് ആക്ഷൻ പ്ലാനിൽ ഈ സ്കൂൾ കെട്ടിടനിർമ്മാണത്തിന് 4 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly